**ഭരണഭാഷ–മാതൃഭാഷ**

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയംഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി& എ.സി/2111/2018/DHSE** തീയതി :01/01/2019

**സർക്കുലർ**

**വിഷയം** : ഹ.സെ.വി -സി ജി & എ സി.- നെല്ല് പദ്ധതി നടത്തിപ്പ് - **'പാഡി കോൺഗ്രസ്'** സമ്മേളന ഉദ്ഘാടനം - സംബന്ധിച്ച്.

**സൂചന** : GO (Rt) No. 2200/2018/GEDN തിയതി 05/11/2018

ഹയർസെക്കന്ററി വിദ്യാർത്ഥികളിൽ കാർഷിക- പരിസ്ഥിതി വിജ്ഞാനം ശക്തിപ്പെടുത്തുന്നതിനും കൃഷിയിലെ സാംസ്കാരിക അനുഭവങ്ങൾ കണ്ടെത്തുന്നതിനും ഹയർസെക്കന്ററി വകുപ്പിലെ കരിയർ ഗൈഡൻസ് & അഡോളസെന്റ് സെൽ 2018 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി - നെല്ല് എന്ന പദ്ധതി വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. ഇതിനായി വയനാട് ജില്ല കരിയർ ഗൈഡിന്റെ ആഭിമുഖ്യത്തിൽ 6 ഏക്കർ പാട്ട ഭൂമി ഏറ്റെടുത്ത് കൃഷി നടത്തി വിളവെടുത്ത് സൗഹൃദ എന്ന പേരിൽ ബ്രാന്റ് ചെയ്ത അരി ഗോത്ര വർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് സജ്ജമാക്കിയിട്ടുള്ളതാണ്.

തുടർ പദ്ധതികളുടെയും പഠനശിൽപശാലയുടെയും **'പാഡി കോൺഗ്രസ്'** സമ്മേളന ഉദ്ഘാടനം ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ് സുനിൽകുമാർ **05/10/2019 രാവിലെ 10 മണിക്ക് കൽപ്പറ്റ പി. ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ** വച്ച് നിർവ്വഹിക്കുന്നതാണ്. ഈ പരിപാടി സംബന്ധിച്ച് വയനാട് ജില്ലയിലെ വിദ്യാർത്ഥികൾക്ക് അറിയിപ്പ് **നൽകേണ്ടതും,** കാർഷിക പഠന ശിൽപശാലയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ പ്രിൻസിപ്പാൾമാർ കൈക്കൊള്ളേണ്ടതാണ്. ഇതിനായി കരിയർ ഗൈഡുമാരെ ചുമതലപ്പെടുത്തേണ്ടതുമാണ്.

വയനാട് ജില്ലയിലെ എല്ലാ കരിയർഗൈഡുമാരും സൗഹൃദ കോ- ഓർഡിനേറ്റർമാരും ഈ പരിപാടിയിൽ പങ്കെടുത്ത് വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

Sd/-
***ഡയറക്ടർ(I/C)***

To,

1. RDD Kozhikode.
2. The Principal Concerned.